# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,

## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

Email: cohagmet@kau.in&kauagmet@yahoo.co.in


## കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ

## തൃശ്ശൂർജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എ.എസ്** 36/2020(72), വെള്ളിയാഴ്ച **തീയ്യതി** 04.09.2020

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ 33.6 മി.മീ മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 31.7 മുതൽ 33.0 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 22.1 മുതൽ 23.6 ഡിഗ്രിസെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 92 മുതൽ 96 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 56 മുതൽ 85 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 1.2 മുതൽ 2.1 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 1.8 മുതൽ 10.5 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 2.4 മുതൽ 4.3 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 05.09.2020 | 06.09.2020 | 07.09.2020 | 08.09.2020 | 09.09.2020 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 11 | 7 | 35 | 12 | 11 |
| ഉയർന്ന താപനില (°C) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 23 | 23 | 23 | 23 | 23 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കാറ്റിന്റെവേഗത(കിലോമീറ്റർ/മണിക്കൂർ) | 4 | 4 | 5 | 3 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 180 | 180 | 180 | 230 | 290 |
| മേഘവ്യാപ്തി (ഒക്ട) | 8 | 7 | 8 | 8 | 8 |
| ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും കെ.എ.യുവിന്റെയും പ്രവചനമനുസരിച്ച് **ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യത.** | | | | | |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| **പൊതുനിർദ്ദേശങ്ങൾ: കാർഷിക വിളകളെ മഴക്കാല രോഗകീടങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനായി കൃഷിയിടങ്ങളിൽ മതിയായ നീർവാർച്ച സൗകര്യങ്ങൾ ഒരുക്കി കൊടുക്കുക.** | | |
| നെല്ല് (വിരിപ്പ്) കതിരുവന്ന പരുവം | ചാഴി | നെല്ലിലെ ചാഴിയെ നിയന്ത്രിക്കാൻ രണ്ട് മി.ലി മാലത്തിയോൺ ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക. (ചാഴിക്കെതിരെ കീടനാശിനികൾ പ്രയോഗിക്കുന്നത് രാവിലെ 9 മണിക്ക് മുമ്പോ, വൈകീട്ട് 3 മണിക്കു ശേഷമോ ആയിരിക്കണം അല്ലെങ്കിൽ മരുന്നുതളി പരാഗണത്തെ പ്രതികൂലമായി ബാധിക്കും.) |
| തെങ്ങ് | പരിചരണം | ഒരു വർഷത്തേക്കുള്ള രാസവള പ്രയോഗത്തിന്റെ രണ്ടാം ഗഡു, ജലസേചന സൗകര്യമുള്ള തെങ്ങുകൾക്ക 550 ഗ്രാം യൂറിയ 700 ഗ്രാം രാജ്ഫോസ് 800 ഗ്രാം പൊട്ടാഷ് വീതവും മഴയെ ആശ്രയിച്ച് കൃഷി ചെയ്യുന്ന തെങ്ങുകൾക്ക 500 ഗ്രാം യൂറിയ 800 ഗ്രാം രാജ്ഫോസ് ഒരു കിലോ പൊട്ടാഷും തെങ്ങൊന്നിന് ഇട്ടു കൊടുക്കാവുന്നതാണ്. |
| ജാതി | ഇലകൊഴിച്ചിൽ | ജാതിയിൽ ഇലകൊഴിച്ചിൽ വരാതിരിക്കാനുള്ള മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കലക്കി തളിച്ചു കൊടുക്കാവുന്നതാണ്. |
| ഇഞ്ചി | ബാക്ടീരിയൽ വാട്ടം | ഇഞ്ചിയിൽ കാണുന്ന ബാക്ടീരിയൽ വാട്ടത്തിനു പ്രതിരോധ നടപടിയായി 20 ഗ്രാം പച്ചചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയതും 20 ഗ്രാം സ്യുഡോമോണാസ് ഒരുലിറ്റർ വെള്ളത്തിൽ കലക്കിയതും ചേർത്ത് തളിക്കാവുന്നതാണ്. |
| മൃഗസംരക്ഷണം | തൊഴുത്തിലും പരിസര പ്രദേശങ്ങളിലും വെള്ളം കെട്ടിനിൽക്കുന്നതും, മലിനജലം കെട്ടി നിൽക്കുന്നതും, കൊതുക്, ഈച്ച എന്നിവ പെരുകുന്നതും ഒഴിവാക്കണം. | |